Draft #13 of File 5145/AC L-1/2021/AC L Approved by ASSISTANT REGISTRAR II (ACADEMIC) on 21-Mar-2022 03:56 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

സർവ്വകലാശാലയിലെ അക്കാദമിക് സ്കൂളുകൾ/പഠന വകുപ്പുകൾ അഫിലിയേറ്റഡ് കോളേജുകൾ എന്നിവിടങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ സംബന്ധിച്ച സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവ് - അക്കാദമിക് കൗൺസിലിൽ റിപ്പോർട്ട് ചെയ്ത് ഉത്തരവാകുന്നു.

---

**അക്കാദമിക് ലെജിസ്ലേഷൻ**

നമ്പർ. 2932/AC L/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.03.2022

---

*പരാമർശം:-*(1) 30.06.2021 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ 2999/ACL/2021/MGU

(2) 29.10.2021 ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന്റെ മിനുട്സ് ഇനം നമ്പർ 07/OA 1; മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, III 10(17) വകുപ്പ് പ്രകാരം ബഹു. വൈസ്: ചാൻസിലർ അംഗീകരിച്ചത്.

(3) 01.11.2021 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ 5796/ACL/2021/MGU.

(4) 22.12.2021 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 65/5145/ACL-1/2021; 31.01.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം (22.01) ഇനം നമ്പർ 01/22.01/22002 ആയി അംഗീകരിച്ചത്.

<u>**ഉത്തരവ്**</u>

യു.ജി.സി. റഗുലേഷൻസ് 2018 (Minimum Qualification for appointment of Teachers and other Academic staff in Universities and colleges and measure for the maintenance of standards in Higher Education) അടിസ്ഥാനമാക്കി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് ഒരു സ്കോർഷീറ്റ് സർവ്വകലാശാല പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്കോർഷീറ്റിലെ ചില ന്യൂനതകൾ ചൂണ്ടിക്കാണിച്ച് അവ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സർവ്വകലാശാലയ്ക്ക് ലഭിച്ച പരാതിയിൻമേൽ ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ബഹു: വൈസ് ചാൻസിലറെ അക്കാദമിക് കൗൺസിൽ ചുമതലപ്പെടുത്തിയതിൻ പ്രകാരം, സ്കോർഷീറ്റിൽ മാറ്റങ്ങൾ വരുത്തി പരാമർശം (1) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) പ്രകാരം, മേൽ വിഷയം പരിഗണിച്ച അക്കാദമിക് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം സർവ്വകലാശാലയിലെ പഠന വകുപ്പുകളിലേക്കും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുമുള്ള അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനായുള്ള UGC Regulations for Appointment of Teachers and other Academic Staff in Universities and Colleges and measure for the maintenance of standards in Higher Education, 2018, അടിസ്ഥാനമാക്കിയുള്ള പുതുക്കിയ മാർഗ നിർദ്ദേശങ്ങൾ (Guidelines and Criteria) പുറപ്പെടുവിക്കുകയും ആയത്

അംഗീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, III 10(17) വകുപ്പ് പ്രകാരം ബഹു: വൈസ് ചാൻസിലർ തന്നിൽ നിക്ഷിപ്തമായ അക്കാദമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് അംഗീകരിക്കുകയും ആയത് പരാമർശം (3) ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന്, സർവ്വകലാശാലയിലെ അക്കാദമിക് സ്കൂളുകൾ/പഠന വകുപ്പുകൾ, അഫിലിയേറ്റഡ് കോളേജുകൾ എന്നിവിടങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസിലർ സ്വീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച പരാമർശം (3) സർവ്വകലാശാല ഉത്തരവും, പരാമർശം (4) പ്രകാരം അക്കാദമിക് കൗൺസിലിലേക്ക് റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വിസി/പിവിസി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
3. ജെആർ II/ഡിആർ II/ഡിആർ I/എആർ I/II/III/IV (അക്കാദമിക്ക്)
4. ബന്ധപ്പെട്ട സെക്ഷനുകൾ
5. എ.സി.സി. I/II സെക്ഷനുകൾ
6. പി.ആർ.ഒ. സെക്ഷൻ
7. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ (വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനായി)
8. ഐ.ക്യു.എ.സി.
9. റെക്കോർഡ്സ് സെക്ഷൻ
10. കരുതൽ ഫയൽ/ഫയൽ കോപ്പി

Draft #13 of File 5145/AC L-1/2021/AC L Approved by ASSISTANT REGISTRAR II (ACADEMIC) on 21-Mar-2022 03:56 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം